FRIDAY 01.12.2023 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)01/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, തൃത്താല, പട്ടാമ്പി, ഒറ്റപ്പാലം എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പി ക്കുന്നു.

2. ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ കുളമ്പുരോഗ നിയന്ത്രണ പദ്ധതിയുടെ നാലാം ഘട്ടത്തിന് സംസ്ഥാനത്ത് ഇന്ന് (1-12-23) തുടക്കമാവും. കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ വച്ച് രാവിലെ 9 ന് കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഡോ. പി കെ ഗോപന്റെ അധ്യക്ഷതയിൽ കൂടുന്ന ചടങ്ങിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും. പശു എരുമ വർഗ്ഗത്തിൽപ്പെട്ട നാലുമാസത്തിനു മുകളിൽ പ്രായമുള്ള എല്ലാ ഉരുക്കൾക്കും സൗജന്യമായാണ് സംസ്ഥാനമൊട്ടാകെ കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പ് നൽകുന്നത്. മൂന്നാഴ്ച നീണ്ടുനിൽക്കുന്ന തീവ്ര യജ്ഞത്തിലൂടെ സംസ്ഥാനത്തെ 12 ലക്ഷത്തോളം വരുന്ന കന്നുകാലികൾക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകാനാണ് വകുപ്പ് ലക്ഷ്യം ഇടുന്നത്. അവസാന ത്രൈമാസ ഗർഭാവസ്ഥയിൽ ഉള്ളതും മറ്റു രോഗങ്ങൾ ബാധിച്ചതും നാലു മാസത്തിൽ താഴെ പ്രായമുള്ളതുമായ കന്നുകാലികളെ ഈ കുത്തി വെപ്പിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3. ഉത്തരമേഖല കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്, 2024 ജനുവരി 4 മുതൽ 14 വരെ നടത്താൻ തീരുമാനിച്ചിരിക്കുന്ന "RARS ഫാം കാർണിവൽ 2024" ലേക്ക് കൃഷി,

കൃഷി-അനുബന്ധ മേഖലയിലെ കർഷകരുടെ ഉൽപ്പന്ന വിപണനം എന്നിവയുടെ സ്റ്റാൾ നടത്തിപ്പിനായി താല്പര്യ പത്രം ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 7558813523 / 7306234758 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെട്ട ശേഷം അപേക്ഷ പൂരിപ്പിച്ച് pranavsuresh1996@gmail.com എന്ന ഇ മെയിൽ ലേക്ക് ഡിസംബർ 11ന് 4 മണിയ്ക്ക് മുമ്പായി അയക്കേണ്ടതാണ്.

4. ജൈവകർഷകൾക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ

5. കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക

6. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ സ്ഥാപനങ്ങളിലെ കയർ ഉത്പ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സംരംഭകരെ ക്ഷണിക്കുന്നു. സെയിൽസ്ടേണോവറിന്റെ 20 ശതമാനം സംരംഭക സഹായകമായി ലഭിക്കും. താത്പര്യമുള്ള സംരംഭകർ, കുടുംബശ്രീ യൂണിറ്റുകൾ, ഇ ഡി ക്ലബ്ബുകൾ തുടങ്ങിയവർ കയർ പ്രോജക്ട് ഓഫീസുമായി 0474 2793412 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാലയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെൻറ് കോഴ്സിലേക്ക് അപേക്ഷിക്കാം. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കാർഷിക കോളേജ് വെള്ളായണി വിജ്ഞാന വ്യാപന വിഭാഗം നടപ്പിലാക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെൻറ് കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു വർഷം ദൈർഘ്യമുള്ള പി.ജി. ഡിപ്ലോമ കോഴ്സിലേക്ക് അഗ്രികൾച്ചറിലോ അനുബന്ധ വിഷയങ്ങളിലോ ബാച്ചിലേഴ്സ് ബിരുദം ഉള്ളവർക്കും, ഈ മേഖലയിൽ ജോലി ചെയ്യുന്ന ഏത് ബിരുദധാരികൾക്കും അപേക്ഷിക്കാവുന്നതാണ്. പാഠ്യപദ്ധതി ഏറിയ പങ്കും ഓൺലൈൻ ആയതു കൊണ്ട് കൃഷി - കൃഷി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇത് നല്ലൊരവസരമാണ്. അപേക്ഷകൾ കേരള കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റിലൂടെ https://admnewpgm.kau.in സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 8547856286 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

8. മലപ്പുറം ജില്ലയിലെ-ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് ഡിസംബർ 4, 5 തീയ്യതികളിൽ കറവപ്പശു പരിപാലനം, കാട വളർത്തൽ എന്നീ വിഷയങ്ങളിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കേരള കാർഷിക സർവകലാശാല ആരംഭിച്ച നൂതന കോഴ്സുകളുടെ ഭാഗമായി വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇൻസ്റ്റിറ്റ്യൂട്ട് "വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ" എന്ന വിഷയത്തിൽ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപയും രജിസ്ട്രേഷൻ സ്വീകരിക്കുന്ന പക്ഷം കോഴ്സ് ഫീസ് 4000 രൂപയും അടക്കേണ്ടതാണ്. ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ച് നടത്തുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇ-സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ജൈവ ഫാമുകളിലെ ജോലിക്കും സംരംഭങ്ങൾക്കും ഈ കോഴ്സ് വഴിയൊരുക്കും. കൂടുതൽ വിവരങ്ങൾക്ക് 0487-2371104 എന്ന ഫോൺ നമ്പരിലോ https://cti.kau.in എന്ന വെബ് സൈറ്റോ സന്ദർശിക്കുക.

10. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം ഡിസംബർ 01-ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തുന്നു. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405, എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ https://training.rubberboard.org.in എന്ന ഈ- മെയിലിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം